## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5325** **12-08-2021 - ൽ മറുപടിയ്ക്ക്**

## കശുവണ്ടി ഫാക്ടറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിന് ഒരു വർഷത്തേക്ക് എത്ര ടൺ കശുവണ്ടി ആവശ്യമുണ്ട്; സംസ്ഥാനത്ത് എത്ര ടൺ കശുവണ്ടി ഉത്പാദിപ്പിക്കുന്നുണ്ട്; അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിന് പ്രതിവർഷം 6 ലക്ഷം മെട്രിക് ടൺ കശുവണ്ടി ആവശ്യമുണ്ട്. Directorate of Cashew and Cocoa Development (DCCD) യുടെ 2018-19 വർഷത്തെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 83,000 മെട്രിക് ടൺ കശുവണ്ടി ഉല്പാദനം ഉണ്ടായിരുന്നതായി രേഖപ്പെടുത്തി യിട്ടുണ്ട്. |
| (ബി) | കശുമാവ് കൃഷി സംസ്ഥാനത്ത് കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | (ബി) | ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയ്ക്ക് 'ജൈവ കശുവണ്ടി കൃഷിയ്ക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനുമായി' 2021-22 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 650 ലക്ഷം രൂപ അനുവദിച്ചു കൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി കശുമാവ് കൃഷി വ്യാപനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. കാഷ്യൂ മോഡൽ ഗാർഡൻ പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ എന്നിവരുടെ സഹകരണത്തോടെ നോർമൽ ഡെൻസിറ്റി, ഹൈഡെൻസിറ്റി എന്നീ കൃഷി രീതികൾ അവലംബിച്ച് കശുമാവ് കൃഷി വ്യാപനത്തിനായി ഗ്രാന്റുകളുടെ വിതരണം നടന്ന് വരുന്നു. 666 ഹെക്ടർ സ്ഥലത്ത് ഈ രീതിയിൽ കൃഷി വ്യാപിപ്പിക്കുവാനാണ് കശുമാവ് കൃഷി വികസന ഏജൻസി ലക്ഷ്യമിടുന്നത്. 2.മോഡൽ കാഷ്യൂ ഫാം പ്രസ്തുത പദ്ധതി പ്രകാരം കർഷകർ, സ്വകാര്യ സ്ഥാപനങ്ങൾ, കുടുംബശ്രീ, എൻ.ജി.ഒ.കൾ എന്നിവരുടെ സഹകരണത്തോടെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. 2416 ഹെക്ടർ സ്ഥലത്ത് നോർമൽ ഡെൻസിറ്റി, ഹൈഡെൻസിറ്റി എന്നീ കൃഷി രീതികളിലൂടെ |

| | | | |
|---|---|---|---|
| | | | കശുമാവ് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. 3. മുറ്റത്തൊരു കുശുമാവ് പദ്ധതി. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുക എന്ന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷനുകൾ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ, കോളേജ് കുട്ടികൾ, അഗ്രികൾച്ചർ ക്ലബുകൾ എന്നിവർക്ക് കശുമാവ് തൈകൾ വിതരണം നടത്തി. പൊക്കം കുറഞ്ഞ, അധികം പടരാത്ത, വീട്ട് മുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ തൈകൾ ഈ പദ്ധതി പ്രകാരം സൗജന്യമായി നൽകുന്നു. ഈ പദ്ധതി പ്രകാരം 83335 ഗ്രാഫ്റ്റുകൾ വിതരണം ചെയ്യുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. കൂടാതെ നാടൻ തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുല്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപാദിപ്പിക്കുന്നുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികളിലായി 5500 ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയ്ക്കും കശുവണ്ടി വികസന കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി എന്നീ ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് 'മാതൃകാ കശുമാവ് തോട്ട' പദ്ധതിയിൽപ്പെടുത്തി അത്യുത്പാദന ശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ